# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 20, വെള്ളി

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

### പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണം

*241. ശ്രീ.ഹൈബി ഈഡൻ

,, വർക്കല കഹാർ

,, അൻവർ സാദത്ത്

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്കരിച്ച പി.ഡബ്ല്യൂ.ഡി. മാന്വലിൽ വരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് പരിഷ്കരിച്ച പി.ഡബ്ല്യൂ.ഡി. മാന്വൽ എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ ;

(സി) പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

### ഏകീകൃത അക്കാഡമിക് കലണ്ടർ

*242. ശ്രീ.സണ്ണി ജോസഫ്

,, സി.പി.മുഹമ്മദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാഡമിക് കലണ്ടർ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

<u>ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് പദ്ധതി</u>

*243. ശ്രീ.വി.റ്റി.ബൽറാം

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജനങ്ങളുടെ യാത്രാ ക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്,വ്യക്തമാക്കുമോ?

<u>കയർ മേഖല</u>

*244. ശ്രീ.റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കേരളയിലൂടെ കയർ ഉല്പന്നങ്ങൾക്ക് കയറ്റുമതി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കയർ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന

നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>കാത്തിരുപ്പ കേന്ദ്രങ്ങൾ</u>

*245. ശ്രീ.ഇ.കെ.വിജയൻ

,, സി.ദിവാകരൻ

,, കെ.അജിത്

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ കാത്തിരുപ്പ കേന്ദ്രങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കാൻ പാടില്ലെന്ന് ഉത്തരവായിട്ടുണ്ടോ; അനുമതി ഉണ്ടെങ്കിൽ ഇത്തരം നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ബസ്സ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് 2013-ൽ രൂപം കൊടുത്ത 'പ്രതീക്ഷ ബസ്സ് ഷെൽട്ടേഴ്സ്' നടപ്പാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

<u>ഐ.ടി. അറ്റ് സ്കൂൾ</u>

*246. ശ്രീ.എം. ഹംസ

,, ജെയിംസ് മാത്യു

,, കെ. ദാസൻ

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.അറ്റ് സ്കൂൾ നടപ്പാക്കുന്ന ഐ.സി.ടി. പദ്ധതിക്കായി കമ്പ്യൂട്ടർ വാങ്ങുന്നത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി നടത്തിയ ടെണ്ടർ നടപടികൾ ക്രമപ്രകാരം തന്നെയായിരുന്നുവോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സാങ്കേതിക സമിതിയുടെ റിപ്പോർട്ട് ലഭിച്ചിരുന്നോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ട് അനുസരിച്ചായിരുന്നോ മേൽ നടപടികൾ, അല്ലെങ്കിൽ ഈ റിപ്പോർട്ട് പരിഗണിക്കാതിരുന്ന സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

## സ്കൂളുകളിലെ പീരീഡുകൾ

*247. ശ്രീ.കെ.അജിത്

,, വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ സ്കൂളുകളിൽ പീരീഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇതിന്റെ സമയ ക്രമീകരണം എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതു ക്ലാസ്സു വരെയുള്ളവർക്കാണ് പീരീഡ് വർദ്ധിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

## റേഷൻ അലോട്ട്മെന്റിൽ തിരിമറി

*248. ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.ജെയിംസ് മാത്യു

,, എസ്.രാജേന്ദ്രൻ

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ അലോട്ട്മെന്റിൽ തിരിമറി വ്യാപകമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധമായ എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) തിരിമറിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അതിന് നേതൃത്വം നല്കിയ ഉദ്യോഗസ്ഥർക്കും എതിരെ എന്ത് നടപടിയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഇതിന്മേൽ അന്വേഷണമോ നടപടികളോ സ്വീകരിക്കുകയുണ്ടായോ; പോലീസ് തലത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; കുറ്റാരോപിതരായ ഉദ്യോഗസ്ഥർ ഇപ്പോൾ വകുപ്പിൽ ജോലി ചെയ്യുന്നുണ്ടോ;എങ്കിൽ എവിടെയാണ് എന്ന് അറിയിക്കാമോ?

## നദികളെക്കുറിച്ചുള്ള ഗവേഷണം

*249. ശ്രീ.ടി.എന്‍. പ്രതാപന്‍

,, ഡൊമിനിക് പ്രസന്റേഷന്‍

,, എ.പി.അബ്ദുള്ളക്കുട്ടി

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നദികളെക്കുറിച്ചുള്ള ഗവേഷണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ?

## സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ

*250. ശ്രീ.ടി.വി.രാജേഷ്

,, എ.കെ.ബാലന്‍

,, സി.കൃഷ്ണന്‍

ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഇവയുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ ;

(സി) സര്‍ക്കാരിന് ടാര്‍ വാങ്ങിയ വകയില്‍ ഭാരത് പെട്രോളിയത്തിന് തുക നല്‍കാനുണ്ടോ;എങ്കില്‍ എത്ര തുകയാണ് കുടിശ്ശികയെന്ന് വിശദമാക്കാമോ; ഇക്കാരണത്താല്‍ അവര്‍ ടാര്‍ വിതരണം നിര്‍ത്തിവെച്ചിട്ടുണ്ടോ;

(ഡി) കുടിശ്ശിക ലഭിക്കാത്തതുമൂലമുള്ള കരാറുകാരുടെ പിന്മാറ്റവും അസംസ്കൃത വസ്തുക്കളുടെ ലഭ്യത നിലച്ചതും റോഡ് നിര്‍മ്മാണ / നവീകരണ പ്രവര്‍ത്തനങ്ങള്‍ നിലയ്ക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കില്‍ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## നെല്‍വയല്‍ തണ്ണീര്‍ത്തട നിയമം

T *251. ശ്രീ.ജോസ് തെറ്റയിൽ

,, മാത്യു റ്റി.തോമസ്

,, സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമത്തിൽ മാറ്റങ്ങൾ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

*252. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ഇ.പി.ജയരാജൻ

,, വി.ചെന്താമരാക്ഷൻ

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഈ പദ്ധതി ലക്ഷ്യം കാണാതെ പോയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പട്ടയം ലഭിച്ചവരിൽ ഭൂരിപക്ഷവും ഭൂമി ഏറ്റെടുത്തില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാസയോഗ്യമല്ലാത്തതും വിദൂരങ്ങളിലുള്ളതുമായ ഭൂമി കണ്ടെത്തിയതാണ് പട്ടയം ലഭിച്ചവർ ഭൂമി ഏറ്റെടുക്കാതിരുന്നതിന് കാരണമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പദ്ധതി പൂർത്തിയാക്കുന്നതിന് ഇനി എത്ര ഭൂമി ആവശ്യമാണ്; ഇതിൽ എത്രത്തോളം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്;

(എഫ്) ഭൂമി ലഭ്യമായിടത്ത് പണം നൽകി വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത് സാദ്ധ്യമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

<u>വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി</u>

*253. ശ്രീ.കെ.അച്ചുതൻ

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>'ഒരു രൂപക്ക് അരി' പദ്ധതി</u>

*254. ശ്രീ.വർക്കല കഹാർ

,, പാലോട് രവി

,, വി.റ്റി.ബൽറാം

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സംസ്ഥാനത്ത് 'ഒരു രൂപക്ക് അരി' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നത്;

(സി) ഈ പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു?

<u>വരൾച്ചാക്കെടുതി നേരിടുന്നതിന് നടപടികൾ</u>

*255. ശ്രീ.എ.കെ.ബാലൻ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.കെ.കെ.ജയചന്ദ്രൻ

,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ സാദ്ധ്യത സംബന്ധിച്ച് ദുരന്ത നിവാരണ കേന്ദ്രത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; മുന്നറിയിപ്പുകൾ എന്തെല്ലാമായിരുന്നു; ഇതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം

രൂക്ഷമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ജില്ലാ ഭരണകൂടങ്ങൾക്ക് ഇതിനാവശ്യമായ ഫണ്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വരൾച്ചാക്കെടുതികൾ നേരിടുന്നതിന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;ഏതെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) മുൻ വർഷം വരൾച്ചാക്കെടുതികൾ നേരിടുന്നതിന് കേന്ദ്രത്തിൽ നിന്നും എന്തു തുകയ്ക്കുള്ള സഹായമാണ് അഭ്യർത്ഥിച്ചിരുന്നത്; ലഭിച്ച തുകയെത്ര; ലഭിച്ച തുക കെടുതികൾക്കിരയായവർക്ക് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## <u>പാലങ്ങളുടെ നിർമ്മാണത്തിനായുള്ള ആക്ഷൻ പ്ലാൻ</u>

*256. ശ്രീ.പി.കെ.ബഷീർ

,, റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങളുടെ നിർമ്മിതി സമയബന്ധിതമാക്കാനും കാര്യക്ഷമമാക്കാനും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ ഏജൻസികൾ മുഖേന നിർമ്മാണ പ്രവർത്തനം നടത്തുന്ന പാലങ്ങളെയാണ് പ്രസ്തുത പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഏതൊക്കെ പാലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പാലത്തിനായുള്ള സ്ഥലമെടുപ്പ്, നിർമ്മാണ സാമഗ്രികളുടെ ലഭ്യത, മറ്റു തൊഴിൽ പ്രശ്നങ്ങൾ എന്നിവ യഥാസമയം പരിഹരിക്കാൻ ഏതൊക്കെ വകുപ്പുകളുടെ സഹകരണം വേണ്ടിവരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വകുപ്പുകളെ സഹകരിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

## <u>എൻഡ് ടു എൻഡ് പദ്ധതി</u>

*257. ശ്രീ.ഷാഫി പറമ്പിൽ

,, സി.പി.മുഹമ്മദ്

,, ഹൈബി ഈഡൻ

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഹരിത നിർമ്മാണ നയം

*258. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, പി.സി വിഷ്ണുനാഥ്

,, ജോസഫ് വാഴയ്ക്കൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(സി) നയം നടപ്പിലാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(ഡി)

## കയർ വ്യവസായ സംരക്ഷണം

*259. ശ്രീ.എസ്.ശർമ്മ

,, എളമരം കരീം

,, സി.കെ സദാശിവൻ

,, എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഈ മേഖലയിൽ നവീകരണ പ്രവർത്തനങ്ങളും ആധുനികവൽക്കരണവും നടപ്പാക്കേണ്ടതിന്റെ ആവശ്യകത

ബോധ്യമുണ്ടോ;

(ബി) പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടുള്ള യന്ത്രവത്കരണം എന്ന തൊഴിലാളികളുടെ ആവശ്യം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ലഭ്യമാകുന്ന തൊണ്ടിന്റെ പകുതി പോലും സംസ്കരിച്ച് ചകിരിയാക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തത് ഈ തൊഴിൽ മേഖലയെ സാരമായി ബാധിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ;

(ഡി) ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനടക്കമുള്ള യന്ത്രങ്ങൾ കയർ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>നെൽവയൽ ഡാറ്റാ ബാങ്ക് രൂപീകരണം</u>

*260. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ ഡാറ്റാ ബാങ്ക് രൂപീകരണ നടപടികളിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥരുടെ ഏകോപനം ഇക്കാര്യത്തിൽ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പതിറ്റാണ്ടുകൾക്ക് മുമ്പ് കരഭൂമിയായി മാറ്റുകയും വീടുകളുൾപ്പെടെയുള്ള നിർമ്മിതികളുള്ളതുമായ ഭൂമി, നെൽവയലായി രേഖപ്പെടുത്തുന്നതുപോലെയുള്ള അപാകതകൾ ഒഴിവാക്കാൻ ആവശ്യമായ നടപടികൾ ഡാറ്റാ ബാങ്ക് രൂപീകരണത്തിൽ സ്വീകരിക്കുമോ?

<u>ആധാരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ</u>

*261. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, പി.ടി.എ. റഹീം

,, എ. പ്രദീപ്കുമാർ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷനിൽ വന്നിട്ടുള്ള പാകപ്പിഴകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വസ്തു കൈമാറ്റത്തിലെ ക്രമക്കേടുകൾ കണ്ടെത്താൻ വേണ്ട ക്രമീകരണങ്ങളില്ലാതെയാണ് ഇവ നടപ്പാക്കിയിട്ടുള്ളതെന്ന കാര്യം അറിവുള്ളതാണോ;

(സി) അനാവശ്യ നിബന്ധനകൾ കാരണം സാധാരണക്കാർ സ്വകാര്യ കമ്പ്യൂട്ടർ സെന്ററുകളുടെ ചൂഷണത്തിന് വിധേയരാകേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പാഠപുസ്തക വിതരണം</u>

*262. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യയന വർഷം പകുതിയായാൽ പോലും പുസ്തകങ്ങൾ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അടുത്ത അധ്യയന വർഷം തുടങ്ങുന്നതിനുമുമ്പുതന്നെ വിദ്യാർത്ഥികൾക്ക് മുഴുവൻ പാഠപുസ്തകങ്ങളും ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>സർവ്വകലാശാലകളിൽ ഏകീകൃത കലണ്ടർ</u>

*263. ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ഏകീകൃത കലണ്ടർ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് ഉന്നത വിദ്യാഭ്യാസരംഗത്ത് എപ്രകാരമുള്ള നേട്ടങ്ങൾക്ക് ഉപയോഗപ്രദമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള ഒരു കലണ്ടർ തയ്യാറാക്കുന്നത് നിയമപരമായ ബാധ്യതയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മലയാളഭാഷ ശ്രേഷ്ഠഭാഷാ

*264. ശ്രീ.പാലോട് രവി

,, കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കാമോ

(ബി) സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിൽ മാതൃഭാഷ നിർബന്ധമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ;

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാളഭാഷ ഒന്നാം ക്ലാസ് മുതൽക്ക് നിർബന്ധമായി പഠിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കയർ മേഖല-ആഭ്യന്തര വിപണി സാദ്ധ്യത

*265. ശ്രീ.എം.എ. വാഹീദ്

,, എ.റ്റി.ജോർജ്

,, അൻവർ സാദത്ത്

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയറുൽപ്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(സി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?വിശദമാക്കുമോ ?

## വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ

*266. ശ്രീ.തോമസ് ഉണ്ണിയാടൻ
,, സി.എഫ്.തോമസ്
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനും വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും ഒരു വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ?

<u>കച്ചവട സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത്</u>

*267. ശ്രീ.പി.എ.മാധവൻ
,, കെ.മുരളീധരൻ
,, വി.ഡി.സതീശൻ
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത് കർശനമാക്കിയിട്ടുണ്ടോ;

(ബി) ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം ശിക്ഷകളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>കയർ വ്യവസായം</u>

*268. ശ്രീ.കോവൂർ കുഞ്ഞുമോൻ
,, എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>അനധികൃത സ്കൂളുകൾ</u>

*269. ശ്രീ.എ.എം. ആരിഫ്

,, കോടിയേരി ബാലകൃഷ്ണൻ

,, ജി.സുധാകരൻ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷം എയ്ഡഡ്-അൺ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിദ്യാഭ്യാസ അവകാശനിയമപ്രകാരം ഇത്തരം സ്കൂളുകളുടെ പ്രവർത്തനം അനുവദനീയമാണോ എന്ന് വ്യക്തമാക്കാമോ ; ഇത്തരത്തിലുള്ള സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതും പുതിയ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നൽകുന്നതും സർക്കാർ വിദ്യാലയങ്ങളെ വളരെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) അനിയന്ത്രിതമായ തോതിൽ അൺ-എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നത് അനാദായകരമായ സർക്കാർ സ്കൂളുകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുമെന്നത് കണക്കിലെടുത്തിട്ടുണ്ടോ;

(ഇ) അടുത്ത അദ്ധ്യയനവർഷം മുതൽ അനധികൃത സ്കൂളുകളുടെ പ്രവർത്തനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇത്തരം സ്കൂളുകളിലെ വിദ്യാർത്ഥികളെ അടുത്തുള്ള അംഗീകൃത വിദ്യാലയങ്ങളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>എഞ്ചിനീയറിംഗ് പഠനമേഖലയുടെ നിലവാരം</u>

*270. ശ്രീ.എം.ഉമ്മർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക്

,, കെ.എം.ഷാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പഠന മേഖലയുടെ നിലവാരം ഉയര്‍ത്തുന്നതിന് പദ്ധതികള്‍ പരിഗണനയിലുണ്ടോ;

(ബി) ഇതിനായി അദ്ധ്യാപകരുടെ അദ്ധ്യയന ശേഷിയും ആധുനിക അറിവുകളും സംബന്ധിച്ച നിലവാരവും പരിശോധിക്കുന്നതിന് സംവിധാനം ഏര്‍പ്പെടുത്തുമോ ; എങ്കില്‍ വിശദമാക്കുമോ;

(സി) 2013-14 വര്‍ഷത്തില്‍ സര്‍ക്കാര്‍, എയിഡഡ്, സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് വിദ്യാര്‍ത്ഥികളുടെ വിജയ ശതമാനം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
13-03-2015

പി.ഡി.ശാരംഗധരന്‍,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയില്‍ ഉന്നയിക്കുന്നതിന്‍റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.